(സി) 2005-06-ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഈ പദ്ധതിക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേന്ദ്രത്തിന് പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല.

(ഡി) ഈ സർക്കാരിന്റെ കാലത്ത് യു.ഐ.ഡി.എസ്.എസ്.എം.റ്റി. സ്കീമിൽ 35 പദ്ധതികൾ സമർപ്പിച്ചിട്ടുള്ളതിൽ 25 പദ്ധതികൾ കേന്ദ്രം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 2008-09-ൽ കേന്ദ്രത്തിന് സമർപ്പിച്ച 10 പദ്ധതികൾ സംസ്ഥാനത്തിന് അർഹമായ കേന്ദ്രവിഹിതം അധികരിച്ചതിനാൽ കേന്ദ്രം അംഗീകരിച്ച് തുക അനുവദിച്ചിട്ടില്ല.

(ഇ) നഗരസഭാതലത്തിൽ നഗരസഭാ അദ്ധ്യക്ഷൻ ചെയർമാനായി മോണിറ്ററിംഗ് കമ്മറ്റികളും, നഗരകാര്യവകുപ്പ് ഡയറക്ടർ വിളിച്ചുകൂട്ടുന്ന നഗരസഭാ സെക്രട്ടറിമാരുടെ മാസാവലോകന യോഗങ്ങളും, കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ചെയർമാനായിട്ടുള്ള എംപവേർഡ് കമ്മിറ്റിയും പദ്ധതികളുടെ നടത്തിപ്പ് സമയബന്ധിതമായി പൂർത്തിയാക്കുന്നത് സംബന്ധിച്ച അവലോകനം നടത്തുന്നതിനുള്ള സംവിധാനങ്ങളായി ഏർപ്പെടുത്തിയിട്ടുണ്ട്.

ക്ഷേത്രങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി പ്രത്യേക പാക്കേജ്

9 (***) ശ്രീ. കെ. അച്ചുതൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ദേവസ്വം ബോർഡ് നിലവിൽ വന്നശേഷം മലബാർ മേഖലയിലെ ക്ഷേത്രങ്ങളുടെ പൊതുവായ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(ബി) മലബാർ പ്രദേശത്തെ അതിപുരാതനങ്ങളും ചരിത്രപ്രസിദ്ധങ്ങളുമായ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ പ്രദേശത്തെ ക്ഷേത്രാചാരങ്ങളും അനുഷ്ഠാനങ്ങളും നിലനിറുത്തുന്നതിനും ക്ഷേത്രാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) മലബാറിലെ ക്ഷേത്ര ജീവനക്കാരുടെ ശോചനീയമായ അവസ്ഥ മാറ്റുന്നതിനും അവർക്ക് മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുന്നതിനും വേണ്ടി മെച്ചപ്പെട്ട രീതിയിലുള്ള ഒരു ശമ്പള പരിഷ്ക്കരണം നടപ്പാക്കി. 3 വർഷമെങ്കിലും തുടർച്ചയായി ക്ഷേത്രങ്ങളിൽ ജോലിചെയ്തിരുന്ന നല്ലൊരു വിഭാഗം ജീവനക്കാരെ സ്ഥിരപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

ബോർഡ് നിലവിൽ വന്നശേഷം 8,93,70,028 (എട്ടു കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി എഴുപതിനായിരത്തി ഇരുപത്തിയെട്ട്) രൂപ ക്ഷേത്ര ജീവനക്കാരുടെ ശമ്പളം നൽകുന്നതിന് ധനസഹായമായി നൽകിയിട്ടുണ്ട്. ക്ഷേത്രഭൂമി തിരിച്ചുപിടിക്കുന്നതിന് ലാന്റ് കൺസർവൻസി യൂണിറ്റ് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനായി 2008-09 വർഷത്തിൽ 1,75,00,000 രൂപയും 2009-2010-ൽ 2,08,00,000 രൂപയും നൽകി. 2010-11-ൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലന പരിപാടി ഏർപ്പെടുത്തി. പൂജാ പുഷ്പങ്ങൾ കൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ വെബ്സൈറ്റ് നിലവിൽ വരുത്തി. ക്ഷേത്ര ജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേമനിധി ബോർഡ് പ്രവർത്തനം കാര്യക്ഷമമാക്കി. ബോർഡിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് ഡിവിഷൻ അടിസ്ഥാനത്തിൽ അദാലത്തുകൾ നടത്തു.

(ബി) ഇതിനായി പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടില്ല. എന്നാൽ ക്ഷേത്ര ജീർണ്ണോദ്ധാരണ ഫണ്ട് നൽകുമ്പോൾ അതിപുരാതനവും ചരിത്രപ്രസിദ്ധവുമായ ക്ഷേത്രങ്ങളുടെ കാര്യം പ്രത്യേകമായി പരിഗണിക്കുകയും ഇത്തരം ക്ഷേത്രങ്ങൾക്ക് കൂടുതൽ തുക അനുവദിച്ചുവരികയും ചെയ്യുന്നുണ്ട്.

(സി) ഇക്കാര്യത്തിലെ സാദ്ധ്യത മലബാർ ദേവസ്വം ബോർഡ് പരിശോധിക്കുന്നതാണ്.

(ഡി) ക്ഷേത്രാചാരങ്ങളും അനുഷ്ഠാനങ്ങളും നിലനിർത്തുന്നതിനും ക്ഷേത്രാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതുമായ കാര്യങ്ങൾ സർക്കാർ ആലോചിച്ചുവരുന്നു. മാത്രമല്ല ഈ മേഖലയിൽ അനുഷ്ഠാന കർമ്മം നിർവ്വഹിച്ചുവരുന്ന കോലധാരികൾ, അന്തിത്തിരിയൻ, വെളിച്ചപ്പാട്, കോമരം, കർമ്മി, അച്ചൻ തുടങ്ങിയവർക്ക് പ്രതിമാസ ധനസഹായം നടപ്പാക്കുന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

ട്രൈബ്യൂണലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി

10 (*190) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രൈബ്യൂണലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പിനെ പ്രത്യേക വിഭാഗങ്ങളായി വിഭജിച്ചതിനുശേഷമുള്ള പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ബി) ഇത്തരത്തിൽ വിഭജിക്കപ്പെട്ട വിവിധ വിഭാഗങ്ങളിൽ ഓരോന്നിലും പ്രത്യേക വൈദഗ്ദ്ധ്യം നേടിയ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വിഭാഗങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly